പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം. നമ്പർ **3148** 13-7-2015-ൽ മറുപടിയ്ക്ക്.

## ജൻറം (JnNURM) ലോ ഫ്ളോർ എ. സി ബസ്സ് സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>" എം.പി. വിൻസെന്റ്<br>" വർക്കല കഹാർ<br>" പി.എ. മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | എല്ലാ ജില്ലകളിലും ജൻറം ലോഫ്ളോർ എ.സി. ബസുകൾ നിരത്തിലിറക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന വിശദമാക്കുമോ; | എ യും ബി യും | കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ JnNURM പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 5 ക്ലസ്റ്ററുകളിലായി 10 ജില്ലകൾക്കാണ് 110 എ.സി . ലോ ഫ്ലോർ ബസുകൾ അനുവദിച്ചിട്ടുള്ളത്. ഇവയിൽ **105** ബസുകൾ ലഭ്യമായതിൽ **76** ബസുകൾ താഴെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. ബാക്കി **29** ബസുകൾ രജിസ്ട്രേഷൻ, ഫിറ്റ്നസ് ടെസ്റ്റ് നടപടികൾക്കായി കിടക്കുന്നു. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |
| ബി) | കേന്ദ്രസർക്കാർ എത്ര ലോഫ്ളോർ എ.സി ബസുകളാണ് അധികമായി അനുവദിച്ചിട്ടുള്ളത്. അവ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | | 5 ബസുകൾ വോൾവോ കമ്പനി നല്കുവാനുണ്ട്. JnNURM പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ലഭ്യമായ 80 എ.സി ബസുകളിൽ 30 എണ്ണം തിരുവനന്തപുരം ജില്ലയിലും 50 എണ്ണം എറണാകുളം ജില്ലയിലും അനുവദിച്ചിട്ടുണ്ട്. |

| ജില്ല | - | എണ്ണം |
|---|---|---|
| കൊല്ലം | - | 9 |
| ആലപ്പുഴ | - | 8 |
| പത്തനംതിട്ട | - | 6 |
| കോട്ടയം | - | 9 |
| ഇടുക്കി | - | 6 |
| തൃശ്ശൂർ | - | 9 |
| പാലക്കാട് | - | 7 |
| മലപ്പുറം | - | 6 |
| കോഴിക്കോട് | - | 12 |
| വയനാട് | - | 4 |

ഇവ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ